**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3581 — 22.08.2017- ൽ മറുപടിയ്ക്ക്

**<u>വൃദ്ധസദനങ്ങളിലെ അന്തേവാസികളെ സംബന്ധിച്ച വിവരങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ.**<br>**ശ്രീ.പി.ജെ.ജോസഫ്.**<br>**ശ്രീ.സി.എഫ്.തോമസ്.**<br>**ഡോ.എൻ.ജയരാജ്.** | **കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി).** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തു പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസി-കളുടെ വ്യക്തമായ വിവരങ്ങൾ ലഭ്യമാണോ; വ്യക്തമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് 16 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. ടി വൃദ്ധസദനങ്ങളിൽ ആകെ 844 പേർ താമസക്കാരായുണ്ട്. ഇവരെ സംബന്ധിച്ചുള്ള വ്യക്തമായ വിവരങ്ങൾ അതാത് സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നുണ്ട്. |
| (ബി) | ഇവർക്ക് ആധാർകാർഡ് അടക്കമുള്ള തിരിച്ചറിയൽ രേഖകൾ നൽകുന്നതിനും എല്ലാവർക്കും അവ ഉറപ്പുവരുത്തുന്നതിനും നിലവിൽ എന്തു ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; വ്യക്തമാക്കുമോ; | (ബി) | ഗവൺമെന്റ് വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ആധാർ എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സ്ഥാപന സൂപ്രണ്ടുമാർക്ക് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം അക്ഷയ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ആധാർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്ഥാപന സൂപ്രണ്ടുമാർ സ്വീകരിച്ചുവരുന്നു. |
| (സി) | ഇവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഉറപ്പുവരുത്താൻ | (സി) | വൃദ്ധജനങ്ങൾക്ക് വാർദ്ധക്യകാല പെൻഷനുകൾ തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | അടിയന്തര നടപടി സ്വീകരിക്കുമോ? | | സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്നുണ്ട്. അർഹരായ ഇനിയും പെൻഷൻ ലഭിക്കാത്ത താമസക്കാർക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സ്ഥാപന സൂപ്രണ്ടുമാർക്ക് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**